# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1890 — 14/08/2017-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ ശുചിത്വം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കായകൽപ്പ് (kayakalp) എന്ന പദ്ധതി നടപ്പാക്കിവരുന്നു.<br>ഇതുകൂടാതെ എല്ലാ ആശുപത്രികളിലും അണുബാധ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ശുചിത്വം ഉറപ്പാക്കുന്നതിനായി ആശുപത്രികൾ കേന്ദ്രീകരിച്ച് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്.<br>• എല്ലാ ആശുപത്രികളിലും അണുബാധ തടയുന്നതിനായി ആശുപത്രി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി (Hospital Infection Control Committee) രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>• വലിയ ആശുപത്രികളിൽ ബയോമെഡിക്കൽ മാലിന്യം (Biomedical Waste) IMAGE വഴി നിർമ്മാർജ്ജനം ചെയ്യുന്നു. |
| സി) | ആശുപത്രികളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ജനകീയ കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ